ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE: 22.12.2025 | പ്രധാന വാർത്തകൾ | TIME : 07.25 AM

1. രാജ്യത്തെ ആണവോർജ മേഖലയുടെ ഉന്നമനം ലക്ഷ്യമിട്ടുള്ള ശാന്തി ബില്ലിന് രാഷ്ട്രപതി ദ്രൗപതി മുർമു അംഗീകാരം നൽകി.

   President Droupadi Murmu has granted assent to the Sustainable Harnessing and Advancement of Nuclear Energy for Transforming India (SHANTI) Bill, passed by Parliament during the Winter Session.

2. ഹൈഡ്രോകാർബണുകളുടെ ആഭ്യന്തര ഉൽപ്പാദനം ശക്തിപ്പെടുത്തുന്നതിൽ രാജ്യം മാതൃകാപരമായ മുന്നേറ്റം കൈവരിച്ചതായി കേന്ദ്രമന്ത്രി ഹർദീപ് സിംഗ് പുരി.

   Union Minister Hardeep Singh Puri said that the country has made exemplary progress in strengthening domestic production of hydrocarbons.

3. അരാവല്ലി മലനിരകളുടെ പരിസ്ഥിതിക്ക് അടിയന്തിര ഭീഷണി നേരിടുന്നതായുള്ള വാർത്തകൾ അടിസ്ഥാനരഹിതമെന്ന് കേന്ദ്ര സർക്കാർ.

   The government has assured that there is no imminent threat to the Aravallis' ecology amidst misleading and alarmist claims being circulated.

4. കേരളത്തിൽ സപ്ലൈകോയുടെ ക്രിസ്മസ്-പുതുവത്സര ഫെയറുകൾക്ക് ഇന്ന് തുടക്കം.

   In Kerala, Supplyco's Christmas and New Year fairs to begin today.

5. പ്രശസ്ത ഗണിതശാസ്ത്രജ്ഞൻ ശ്രീനിവാസ രാമാനുജന്റെ ജന്മവാർഷികത്തിൽ രാജ്യം ഇന്ന് ഗണിതശാസ്ത്ര ദിനം

ആചരിക്കുന്നു.

National Mathematics Day will be observed today to commemorate the birth anniversary of Srinivasa Ramanujan, one of India's most influential and globally recognised mathematicians.

6. വിശാഖപട്ടണത്ത് നടന്ന വനിതാ ട്വന്റി-20 ക്രിക്കറ്റിൽ, ശ്രീലങ്കയ്ക്കെതിരെ ഇന്ത്യക്ക് എട്ട് വിക്കറ്റ് ജയം.

In Women's cricket, India defeated Sri Lanka by eight wickets in the opening T20 International of the five-match series in Visakhapatnam

☸☸☸☸☸☸☸☸☸☸☸☸☸

## PREZ- SHANTI BILL

പാർലമെന്റിന്റെ ശീതകാല സമ്മേളനത്തിൽ പാസാക്കിയ സസ്റ്റെയ്നബിൾ ഹാർനെസിങ് ആൻഡ് അഡ്വാൻസ്മെന്റ് ഓഫ് ന്യൂക്ലിയർ എനർജി ഫോർ ട്രാൻസ്ഫോമിംഗ് ഇന്ത്യ, ശാന്തി ബില്ലിന് രാഷ്ട്രപതി ദ്രൗപതി മുർമു അംഗീകാരം നൽകി. ആണവോർജ ഉൽപ്പാദനം, ആരോഗ്യ സംരക്ഷണം, ഭക്ഷണം, വെള്ളം, കൃഷി, വ്യവസായം,തുടങ്ങിയവയിൽ ആണവ ശാസ്ത്രത്തിന്റെ പ്രയോഗം, സാങ്കേതികവിദ്യ നവീകരണം എന്നിവ എങ്ങനെ ഉപയോഗിക്കുന്നു എന്നത് വ്യവസ്ഥ ചെയ്യുന്നതാണ് ശാന്തി ബിൽ 2025. ആണവോർജ നിയന്ത്രണ ബോർഡ് രൂപീകരിക്കാനും ആണവോർജ പരിഹാര ഉപദേശക സമിതി സ്ഥാപിക്കാനും ബിൽ ലക്ഷ്യമിടുന്നു. ഇന്ത്യയിലെ സിവിൽ ന്യൂക്ലിയർ മേഖലയുടെ വളർച്ചയ്ക്ക് തടസ്സമായി മാറിയ 1962 ലെ ആണവോർജ്ജ നിയമവും 2010 ലെ സിവിൽ ലയബിലിറ്റി ഫോർ ന്യൂക്ലിയർ ഡാമേജ് ആക്ടും ശാന്തി ബിൽ റദ്ദാക്കി.

************************

## VB-G RAM G- PREZ

വിക്സിത് ഭാരത് - റോസ്ഗാർ ആൻഡ് ആജീവിക മിഷൻ ഗ്രാമീൺ ബില്ലിനും രാഷ്ട്രപതിയുടെ അംഗീകാരം ലഭിച്ചു.

വെള്ളിയാഴ്ച അവസാനിച്ച പാർലമെന്റിന്റെ ശീതകാല സമ്മേളനത്തിൽ, ഇരുസഭകളും ബിൽ പാസാക്കിയിരുന്നു. ഗ്രാമീണ കുടുംബങ്ങൾക്ക് 125 തൊഴിൽ ദിനങ്ങൾ ഈ നിയമത്തിലൂടെ ഉറപ്പാക്കുന്നു.

**************************

## PM - ASSAM (INTRO)

രാജ്യത്തിന്റെ വികസനത്തിന് കർഷകരുടെ പങ്ക് നിർണായകമാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. കർഷകരുടെ ഉന്നമനത്തിന് സർക്കാർ പ്രത്യേക പരിഗണന നൽകുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു. കഴിഞ്ഞ പത്തു വർഷത്തിൽ രാജ്യത്തെ യൂറിയ ഉത്പാദനം ഏകദേശം 306 ലക്ഷം മെട്രിക് ടണ്ണായി ഉയർന്നതായി പ്രധാനമന്ത്രി വ്യക്തമാക്കി. അസമിലെ ദിബ്രുഗഡ് ജില്ലയിലെ നംരൂപിൽ 10,601 കോടി രൂപയുടെ വളം പ്ലാന്റിന്റെ ശിലാസ്ഥാപനം നിർവഹിക്കുകയായിരുന്നു അദ്ദേഹം.

(ഹോൾഡ് വോയിസ്)

**************************

## HARDEEP SINGH PURI

ഹൈഡ്രോകാർബണുകളുടെ ആഭ്യന്തര ഉൽപ്പാദനം ശക്തിപ്പെടുത്തുന്നതിൽ രാജ്യം മാതൃകാപരമായ മുന്നേറ്റം കൈവരിച്ചതായി കേന്ദ്ര പെട്രോളിയം, പ്രകൃതി വാതക മന്ത്രി ഹർദീപ് സിംഗ് പുരി. ഇന്ത്യയുടെ ഊർജ്ജ സുരക്ഷ ഉറപ്പക്കാൻ പുതിയ നിയമങ്ങൾ ആക്കം കൂട്ടുമെന്ന് മന്ത്രി സമൂഹ മാധ്യമത്തിൽ കുറിച്ചു.

**************************

## ARAVALLI PROTECTION (INTRO)

അരാവല്ലി മലനിരകളുടെ പരിസ്ഥിതിക്ക് അടിയന്തിര ഭീഷണി നേരിടുന്നതായുള്ള വാർത്തകൾ വസ്തുതാവിരുദ്ധമാണെന്ന് കേന്ദ്ര സർക്കാർ അറിയിച്ചു. വനവൽക്കരണം, പരിസ്ഥിതി ലോല മേഖല മുന്നറിയിപ്പുകൾ, ഖനനത്തിന്റെയും നഗര പ്രവർത്തനങ്ങളുടെയും കർശന നിരീക്ഷണം എന്നിവ അരാവല്ലി മലനിരകളിൽ തുടരുമെന്നും വനം-പരിസ്ഥിതി മന്ത്രാലയം അറിയിച്ചു.

**വിശദാംശങ്ങളിലേയ്ക്ക്....**

(വോയിസ് )

*അരവലിയുടെ നിലവിലുള്ള ഭൂപ്രകൃതിയെ അവയുടെ ഉയരവും ചരിവുകളും പരിഗണിക്കാതെ ഖനന ആവശ്യങ്ങൾക്ക് പാട്ടത്തിന് നൽകുന്നത് ഒഴിവാക്കിയിട്ടുണ്ടെന്ന് കേന്ദ്ര സർക്കാർ അറിയിച്ചു. സുപ്രീംകോടതിയുടെ ഉത്തരവ് പ്രകാരം ഈ മേഖലയുടെ പരിസ്ഥിതിയെ മുഴുവനായും സംരക്ഷിക്കുന്നുണ്ട്. മണ്ണിന്റെ സ്ഥിരത, സസ്യാവരണം എന്നിവയ്ക്ക് നിർണായകമായ കുന്നുകളും താഴ്വാരങ്ങളും ചൂഷണം ചെയ്യുന്നത് തടയാൻ ഇതിലൂടെ സാധിച്ചതായി വനം പരിസ്ഥിതി മന്ത്രാലയം വ്യക്തമാക്കി. സുസ്ഥിരമായ ഖനന രൂപരേഖ തയ്യാറാക്കിയ ശേഷം മാത്രമേ പുതിയ ഖനന പ്രവർത്തനങ്ങൾക്ക് അനുമതി നൽകാവുവെന്ന കോടതി ഉത്തരവിൻറെ പശ്ചാത്തലത്തിൽ ഇന്ത്യൻ കൗൺസിൽ ഫോറസ്റ്റ് റിസർച്ച് ആൻറ് എഡ്യൂക്കേഷൻ പുതിയ പദ്ധതി നിർമ്മിക്കുന്നുണ്ടെന്നും മന്ത്രാലയം അറിയിച്ചു. ന്യൂസ് ഡെസ്ക് ആകാശവാണി....*

**************************

# MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കു വയ്ക്കുന്ന പ്രതിമാസ പ്രഭാഷണ

പരിപാടി മൻ കി ബാത്ത് ഈ മാസം 28 ന് രാവിലെ 11 മണിക്ക്. പരിപാടിയുടെ 129-ാം പതിപ്പാണിത്. മൻ കി ബാത്തിലേക്കുള്ള ആശയങ്ങളും അഭിപ്രായങ്ങളും MyGov, NaMo App എന്നിവയിലൂടെയോ 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലോ ഈ മാസം 26 വരെ അറിയിക്കാം.

**************************

## RAILWAYS-FARE RATIONALIZATION

യാത്രാക്കൂലി പരിഷ്കരിച്ച് റെയിൽവേ. 215 കിലോമീറ്ററിൽ അധികമുള്ള യാത്രകൾക്ക്, ഓർഡിനറി ക്ലാസിൽ കിലോമീറ്ററിന് 1 പൈസയാണു വർദ്ധിക്കുക. മെയിൽ-എക്സ്പ്രസ് ട്രെയിനുകളിൽ എസി, എസി-ഇതര ക്ലാസുകൾക്ക് കിലോമീറ്ററിന് 2 പൈസ വീതം വർദ്ധിക്കും. ഓർഡിനറി ക്ലാസിൽ 215 കിലോമീറ്റർ വരെയുള്ള യാത്രാനിരക്കിൽ മാറ്റമില്ല. നിരക്കുവർധന ഈ മാസം 26ന് പ്രാബല്യത്തിൽ വരും.

**************************

## CEO

സംസ്ഥാനത്ത് തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിൻറെ ഭാഗമായി കരട് വോട്ടർ പട്ടിക നാളെ പ്രസിദ്ധീകരിക്കും. പട്ടികയിൽ പേരുണ്ടോയെന്ന് സമ്മതിദായകർ പരിശോധിക്കണമെന്ന് മുഖ്യ തെരഞ്ഞെടുപ്പ് ഓഫിസർ രത്തൻ യു കേൽക്കർ അറിയിച്ചു. കരട് വോട്ടർപട്ടിക സംബന്ധിച്ച പരാതികൾ ജനുവരി 22 വരെ voters.eci.gov.in എന്ന പോർട്ടലിൽ സമർപ്പിക്കാം. അതേസമയം, കൃത്യവും സംശുദ്ധവുമായ വോട്ടർപട്ടിക തയ്യാറാക്കുന്നതിനായുള്ള എസ്ഐആർ നടപടികളുടെ പൂർത്തീകരണത്തിനായി രാഷ്ട്രീയ കക്ഷികളുടെയും പൊതുജനങ്ങളുടെയും സഹകരണം വേണമെന്ന് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷന്റെ സ്പെഷ്യൽ റോൾ ഒബ്സർവർ ഐശ്വര്യ സിംഗ് പറഞ്ഞു.

*************************

## MAHA - BJP

അരുണാചൽ പ്രദേശിലെ പഞ്ചായത്ത്, സിലാ പരിഷത്ത് തെരഞ്ഞെടുപ്പിൽ ബിജെപിക്ക് ഉജ്ജ്വല ജയം. ഇറ്റാനഗർ മുൻസിപ്പൽ കോർപ്പറേഷനിലെ 20 വാർഡുകളിൽ 14 ലും ബിജെപി വിജയം കണ്ടു. അതേസമയം മഹാരാഷ്ട്രയിലെ തദ്ദേശ തെരഞ്ഞെടുപ്പിലും ബിജെപി, ശിവസേന, എൻസിപി ഉൾപ്പെടുന്ന മഹായുതി സഖ്യം വൻ വിജയം നേടി. 288 മുൻസിപ്പൽ കൗൺസിലുകളിലേക്കും നഗർ പഞ്ചായത്തുകളിലേക്കും നടന്ന തെരഞ്ഞെടുപ്പിൽ 207 ഇടത്തെ അധ്യക്ഷ സ്ഥാനത്ത് സഖ്യം ജയം നേടി.

*************************

## SUPPLYCO

കേരളത്തിൽ സപ്ലൈകോയുടെ ക്രിസ്മസ്-പുതുവത്സര ഫെയറുകൾക്ക് ഇന്ന് തുടക്കമാകും. ഫെയറുകളുടെ സംസ്ഥാനതല ഉദ്ഘാടനം മന്ത്രി ജി. ആർ. അനിൽ തിരുവനന്തപുരത്ത് നിർവഹിക്കും. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, എറണാകുളം, തൃശ്ശൂർ എന്നിവിടങ്ങളിലാണ് പ്രത്യേക ഫെയറുകൾ സംഘടിപ്പിക്കുന്നത്.

*************************

## NATIONAL MATHEMATICS DAY (INTRO)

ഇന്ന് രാജ്യം ഗണിതശാസ്ത്ര ദിനം ആചരിക്കുന്നു. പ്രശസ്ത ഗണിതശാസ്ത്രജ്ഞനും ആഗോളതലത്തിൽ അംഗീകരിക്കപ്പെട്ട വ്യക്തിത്വവുമായ ശ്രീനിവാസ രാമാനുജന്റെ ജന്മദിനമാണ് ദേശീയ ഗണിതശാസ്ത്ര ദിനമായി ആചരിക്കുന്നത്. 'ഗണിതം, കല, സർഗ്ഗാത്മകത' എന്നതാണ് ഈ വർഷത്തെ പ്രമേയം.

ഒരു റിപ്പോർട്ട്....

(വോയിസ്)

*ശാസ്ത്ര പുരോഗതിയിലും ദൈനംദിന ജീവിതത്തിലും ഗണിതത്തിന്റെ പ്രാധാന്യം എടുത്തുകാണിക്കുന്നതിനായാണ് ദിനാചരണം ലക്ഷ്യമിടുന്നത്. വിദ്യാഭ്യാസ-ഗവേഷണ സ്ഥാപനങ്ങൾ, അക്കാദമിക് ഫോറങ്ങൾ എന്നിവിടങ്ങളിൽ വിപുലമായ പരിപാടികളോടെ ദിനാചരണം സംഘടിപ്പിക്കും. ഗണിതശാസ്ത്രത്തിന് രാമാനുജൻ നൽകിയ അസാധാരണ സംഭാവനകളെ അംഗീകരിച്ചുകൊണ്ട് 2011 -മുതലാണ് ഡിസംബർ 22 ദേശീയ ഗണിത ദിനമായി ആചരിച്ചു തുടങ്ങിയത്. 2012, ദേശീയ ഗണിതശാസ്ത്ര വർഷമായും ആചരിച്ചു. ശ്രീനിവാസ രാമാനുജൻ ഗണിതത്തിനു നൽകിയ സംഭാവനകൾ ഒരു നൂറ്റാണ്ടിലേറെയായി ആധുനിക ശാസ്ത്രത്തെ സ്വാധീനിക്കുകയാണ്. ന്യൂസ് ഡെസ്ക് ആകാശവാണി...*

**************************

# SABARIMALA

മണ്ഡല മകരവിളക്ക് ഉത്സവത്തോടനുബന്ധിച്ച്, ശബരിമലയിലേക്കുള്ള തങ്ക അങ്കി ഘോഷയാത്ര ആറൻമ്മുള പാർത്ഥസാരഥി ക്ഷേത്രത്തിൽ നിന്ന് നാളെ പുറപ്പെടും. ഈ മാസം 26-ന് വൈകിട്ട് തങ്കയങ്കിചാർത്തി ദീപാരാധന നടക്കും. 27-നാണ് മണ്ഡല പൂജ. ഇന്നലെ, വൈകിട്ട് അഞ്ചുവരെ 51,144 തീർഥാടകരാണ് ദർശനം നടത്തിയത്. 8,682 പേർ സ്പോട്ട് ബുക്കിംഗ് വഴിയും ദർശനം നടത്തി.

**************************

# WOMENS T20 CRICKET

വിശാഖപട്ടണത്ത് നടന്ന വനിതാ ട്വന്റി-20 ക്രിക്കറ്റിൽ, ഇന്ത്യ ശ്രീലങ്കയെ എട്ട് വിക്കറ്റിന് പരാജയപ്പെടുത്തി. ശ്രീലങ്ക ഉയർത്തിയ 122 റൺസ് പിന്തുടർന്ന ഇന്ത്യ 14.4 ഓവറിൽ ലക്ഷ്യം കണ്ടു. ഇന്ത്യയ്ക്കായി ജെമീമ റോഡ്രിഗസ് 44 പന്തിൽ നിന്ന് 69 റൺസ് നേടി മത്സരത്തിലെ താരമായി. അഞ്ച് മത്സര പരമ്പരയിലെ രണ്ടാം മത്സരം നാളെ വിശാഖപട്ടണത്തു നടക്കും. അവസാന മൂന്ന് മത്സരത്തിന് തിരുവനന്തപുരം വേദിയാകും.

*************************

## EVE. IMD- WEATHER

രാജ്യത്തെ വടക്ക്, വടക്കുകിഴക്കൻ മേഖലകളിലെ ഒറ്റപ്പെട്ടയിടങ്ങളിൽ മൂടൽമഞ്ഞ് അനുഭവപ്പെടുമെന്നു കാലാവസ്ഥ കേന്ദ്രം. ഉത്തർപ്രദേശ്, ഹരിയാന, ചണ്ഡീഗഢ്, ഡൽഹി, പഞ്ചാബ്, കർണാടക, തെലങ്കാന, ബിഹാർ എന്നിവിടങ്ങളിൽ കഠിനമായ തണുപ്പും മൂടൽ മഞ്ഞും പ്രവചിച്ചിട്ടുണ്ട്. പടിഞ്ഞാറൻ ഹിമാലയൻ മേഖലയിൽ കനത്ത മഞ്ഞുവീഴ്ച ഉണ്ടാകുമെന്നും മുന്നറിയിപ്പുണ്ട്. അതേസമയം, ഡൽഹിയിലെ അന്തരീക്ഷ വായുവിന്റെ ഗുണനിലവാരം വളരെ മോശം വിഭാഗത്തിൽ തുടരുന്നു.

*************************

## BANGLADESH HIGH COMMISSION

വിദേശ ദൗത്യങ്ങളുടെ സുരക്ഷ ഉറപ്പാക്കുന്നതിൽ രാജ്യം പ്രതിജ്ഞാബദ്ധമെന്ന് ഇന്ത്യ. ന്യൂഡൽഹിയിലെ ബംഗ്ലാദേശ് ഹൈക്കമ്മീഷന് പുറത്ത്, പ്രതിഷേധക്കാർ അക്രമ സാഹചര്യം സൃഷ്ടിച്ചെന്നതരത്തിൽ ബംഗ്ലാദേശിലെ ചില മാധ്യമങ്ങൾ നൽകിയ വാർത്ത ഇന്ത്യ നിഷേധിച്ചു. ബംഗ്ലാദേശിൽ ന്യൂനപക്ഷങ്ങൾക്കെതിരായ ആക്രമണങ്ങളിൽ ആശങ്ക

രേഖപ്പെടുത്തിയ ഇന്ത്യ സ്ഥിതിഗതികൾ സൂക്ഷ്മമായി നിരീക്ഷിച്ചുവരുന്നതായും അറിയിച്ചു.

*************************

## WHATSAPP CYBER FRAUD

വാട്ട്സ്ആപ്പ് അക്കൗണ്ടുകൾ ഹാക്ക് ചെയ്യുന്നതിന് ഗോസ്റ്റ് പെയറിംഗ് എന്ന പേരിൽ സൈബർ തട്ടിപ്പ് നടക്കുന്നതായി ഇലക്ട്രോണിക്സ് വിവരസാങ്കേതിക മന്ത്രാലയം. ജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് മുന്നറിയിപ്പ്. ഉപയോക്താവിന്റെ അനുമതി ഇല്ലാതെ വാട്ട്സ്ആപ്പിന്റെ ഡിവൈസ് ലിങ്കിംഗ് സവിശേഷത പ്രയോജനപ്പെടുത്തി, അക്കൗണ്ടുകൾ ഹൈജാക്ക് ചെയ്യുന്ന രീതിയാണ് ഗോസ്റ്റ് പെയറിംഗ്. അതിനാൽ സംശയാസ്പദമായ ലിങ്കുകളിൽ ക്ലിക്ക് ചെയ്യരുതെന്നും ലിങ്ക്ഡ് വാട്ട്സ്ആപ്പ് ഡിവൈസ് സംവിധാനം പതിവായി പരിശോധിക്കണമെന്നും മന്ത്രാലയം മാർഗനിർദേശം പുറത്തിറക്കി.

*

***********

*************************************